## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 764 — 28/02/2018-ലെ മറുപടി

## താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താനൂർ നിയോജക മണ്ഡലത്തിൽ ജലവിഭവവകുപ്പിന്റെ കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?<br><br>(ബി) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി (100 കോടി) എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ & ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ താനൂർ നിയോജക മണ്ഡലത്തിലെ താനൂർ മുനിസിപ്പാലിറ്റിയ്ക്കും 4 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ജല വിതരണ പദ്ധതിയ്ക്ക് വേണ്ടി 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. മേൽ പദ്ധതി 3 പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടറിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.എഗ്രിമെന്റ് ഒപ്പുവെച്ചുകഴിഞ്ഞാൽ ഈ പാക്കേജിന്റെ പണികൾ 15 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. രണ്ടാമത്തെ പാക്കേജിന്റെ എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്. ഈ പാക്കേജിന്റെ പണികൾ 18 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. മൂന്നാമത്തെ പാക്കേജിൽ ലക്ട്രോ- മെക്കാനിക്കൽ സാമഗ്രികളുടെ പ്രവർത്തികൾ ആയതിനാൽ ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താനൂർ നിയോജക മണ്ഡലത്തിനു കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. താനൂർ നഗരസഭയിലെ രണ്ടാം വാർഡിൽ പാലപ്പുഴ തോടിന് സമീപം പൂരപ്പുഴയുടെ ഇടതുകര സംരക്ഷണം.<br>2. ഐ.ഡബ്ലിയു.ടി താനൂർ നഗരസഭയിലെ 42-ാം വാർഡിൽ പാലപ്പുഴ തോടിന് സമീപം കനോലി കനാലിന്റെ (താനൂർ കൂട്ടായി കനാൽ) വലതുകര സംരക്ഷണം പ്രവൃത്തി കൂടാതെ താനൂർ നിയോജക മണ്ഡല പരിധിയിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>a) പൊന്മുണ്ടം പഞ്ചായത്തിലെ ചിതകുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>b) ചെറിയമുണ്ടം പഞ്ചായത്തിലെ ചെമ്മൻകുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>c) ഒഴൂർ പഞ്ചായത്തിലെ ആടികുളത്തിന്റെ |

പുനരുദ്ധാരണ പ്രവൃത്തികൾ

d) കിഫ്ബി മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി താനൂർ മുനിസിപ്പാലിറ്റികളിലായി പൂരപ്പുഴയ്ക്ക് കുറുകെ കെട്ടുങ്ങൽ തോടിന് ,സമീപം ഉപ്പുവെള്ള നിർമ്മാർജ്ജനം, റെഗുലേറ്റർ നിർമ്മാണത്തിന്റെ പര്യവേക്ഷണപ്രവൃത്തി.

| | |
|---|---|
| ) ജലവിഭവ വകുപ്പിന്റെ കീഴിൽ ... രംഭിച്ചിട്ടുള്ള പൂരപ്പുഴ റെഗുലേറ്റർ പ്രോജക്റ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | സി) & ഡി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി താനൂർ മുനിസിപ്പാലിറ്റികളിലായി പൂരപ്പുഴയ്ക്ക് കുറുകെ കെട്ടുങ്ങൽ തോടിന് സമീപം ഉപ്പുവെള്ള നിർമ്മാജ്ജന റെഗുലേറ്റർ നിർമ്മാണത്തിന്റെ പര്യവേക്ഷണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പര്യവേക്ഷണം നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ തയ്യാറാക്കുന്നതാണ്. ജലസേചനവകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത്. ഏകദേശം 25 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. |
| ഡി) താനൂർ നിയോജക മണ്ഡലത്തിനും സമീപ പ്രദേശങ്ങൾക്കും ഏറെ ഗുണം ലഭിക്കുന്ന പൂരപ്പുഴ-കെട്ടുങ്ങൽതോട് റെഗുലേറ്റർ പണി എപ്പോൾ ആരംഭിച്ച് എന്നേക്ക് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി കിഫ്ബിയിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്? | |

Renuka Sankar
സെക്ഷൻ ഓഫീസർ